LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി പോസ്റ്റിലൂടെ കേബിൾ വലിച്ചതിന് വാടക

33 (2271) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ കേബിൾ ടി.വി. ഓപ്പറേറ്റർമാർ വൈദ്യുതി പോസ്റ്റിലൂടെ കേബിൾ വലിച്ചതിന് വാടകയായി എത്ര രൂപ ലഭിച്ചിട്ടുണ്ട് ; ഓപ്പറേറ്റർമാരുടെ പേരും ലഭിച്ച പണത്തിന്റെയും കണക്ക് വിശദമാക്കാമോ ;

(ബി) ഈ കാലയളവിൽ എത്ര രൂപ കുടിശ്ശികയായി കിട്ടാനുണ്ട് ; പ്രസ്തുത ഓപ്പറേറ്റർമാരുടെ പേരും തുകയും ലഭ്യമാക്കാമോ ;

(സി) പ്രസ്തുത കുടിശ്ശിക ലഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ₹4,95,14,773 രൂപ ലഭിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം ആയി ചേർക്കുന്നു.*

(ബി) പ്രസ്തുത കാലയളവിൽ 3,59,00,428 രൂപ കുടിശ്ശികയായി കിട്ടാനുണ്ട്. വിശദവിവരം അനുബന്ധം 2 ആയി ചേർക്കുന്നു.*

(സി) കുടിശ്ശിക വിവരം കേബിൾ ടി.വി. ഓപ്പറേറ്റർമാരെ അറിയിക്കുകയും അടയ്ക്കാത്തവരുടെ കേബിൾ, പോസ്റ്റുകളിൽ നിന്ന് അഴിച്ചുമാറ്റുന്നതിനും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നിയമ നടപടികൾ സ്വീകരിക്കുമെന്ന് അറിയിപ്പ് നൽകുകയും ചെയ്തുവരുന്നു. 1-4-2011 മുതലുള്ള കുടിശ്ശിക ഏഷ്യാനെറ്റ് കമ്മ്യൂണിക്കേഷനിൽ നിന്നും പുതുക്കിയ നിരക്കിൽ പിരിച്ചെടുക്കുന്നതിന് ബോർഡ് തലത്തിൽ തീരുമാനമായിട്ടുണ്ട്.

സ്വകാര്യ ആശുപത്രികളുടെ വൈദ്യുതി കുടിശ്ശിക

34 (2272) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി കുടിശ്ശികയിനത്തിൽ സ്വകാര്യ ആശുപത്രികൾ കെ.എസ്.ഇ.ബി.-ക്ക് എത്ര രൂപ നൽകാനുണ്ട് ; ആശുപത്രിയുടെ പേരുവിവരങ്ങൾ ജില്ല തിരിച്ച് നൽകാമോ ;

(ബി) സ്വകാര്യ ആശുപത്രികൾ വരുത്തിയിട്ടുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിന് വൈദ്യുതി ബോർഡ് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 30-9-2014-ലെ ത്രൈമാസ കണക്കെടുപ്പ് പ്രകാരം എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിൽ വരുന്ന സ്വകാര്യ ആശുപത്രികളിൽ നിന്ന് കടിശ്ശിക ഇനത്തിൽ 43.61 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്. ടി യുകയിൽ 25.88 കോടി രൂപ ഇന്ത്യയിലെ വിവിധ കോടതികളുടെ പരിഗണനയിലാണ്. കോടതിയുടെ തീർപ്പിന് വിധേയമായി മാത്രമേ ടി യുക പിരിച്ചെടുക്കാൻ കഴിയുകയുള്ളു. ഈ വിഭാഗത്തിലെ ആശുപത്രികളുടെ പേരുവിവരം ജില്ല തിരിച്ച് പട്ടികയായി ഉള്ളടക്കം ചെയ്തിരിക്കുന്നു. എൽ.റ്റി. വിഭാഗത്തിൽ വൈദ്യുതി കടിശ്ശികയിനത്തിൽ സ്വകാര്യ ആശുപത്രികൾ കെ.എസ്.ഇ.ബി.-ക്ക് 90,13,144 രൂപ നൽകാനുണ്ട്. ആശുപത്രികളുടെ പേരുവിവരം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

ജില്ല	ആശുപത്രി	കടിശ്ശിക
(1)	(2)	(3)
തിരുവനന്തപുരം	എസ്.ആർ ചാരിറ്റബിൾ ട്രസ്റ്റ് (അകത്തുമുറി ഡെന്റൽ കോളേജ്, വർക്കല).	2,69,930
കൊല്ലം	ലോക രക്ഷകാ ഹോസ്പിറ്റൽ, തേവലക്കര.	2,61,225
കോട്ടയം	മന്ദിരം ആശുപത്രി, പുതുപ്പള്ളി.	15,51,846
എറണാകുളം	ക്രിസ്തു ജയന്തി ഹോസ്പിറ്റൽ, ഞാറയ്ക്കൽ.	2,27,000
	പി.എസ്.മിഷൻ ഹോസ്പിറ്റൽ, മരട്.	1,36,000
	ശ്രീ. സുധീന്ദ്ര മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ.	4,22,000
	എം.എ.ജി.ജെ. ഹോസ്പിറ്റൽ, മൂക്കന്നൂർ	14,11,000

(1)	(2)	(3)
തൃശ്ശൂർ	സെന്റ് ജോസഫ് ഹോസ്പിറ്റൽ, ചൂണ്ടൽ.	8,06,000
	ഡിവൈൻ ഹോസ്പിറ്റൽ, വടക്കാഞ്ചേരി.	96,000
	മെഡിക്കെയർ ഹോസ്പിറ്റൽ, കൊടുങ്ങല്ലൂർ	9,29,000
ആലപ്പുഴ	പി.എം. ഹോസ്പിറ്റൽ, മാവേലിക്കര.	1,89,000
ഇടുക്കി	കരുണ ഹോസ്പിറ്റൽ, നെടുംകണ്ടം	1,46,000
കോഴിക്കോട്	ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ, കോഴിക്കോട്.	14,24,695
	അൽസലാമാ ഹോസ്പിറ്റൽ, പൊറ്റമ്മൽ, കോഴിക്കോട്.	1,31,804
	ചെസ്റ്റ് ഹോസ്പിറ്റൽ, കോഴിക്കോട്.	2,65,651
	ഹാലീം മൈലാഞ്ചി ഹോസ്പിറ്റൽ, വടകര.	51,097
	എം.എം. ഹോസ്പിറ്റൽ, ചെങ്ങോട്ടുകാവ്.	11,766
മലപ്പുറം	നഫാസ് ഹോസ്പിറ്റൽ, പരപ്പനങ്ങാടി.	3,57,805
പാലക്കാട്	കരുണ ഹോസ്പിറ്റൽ, മേലാമുറി.	3,25,325
	ആകെ	90,13,144

(ബി) കടിശ്ശിക പിരിച്ചെടുക്കുന്നതിനായി വൈദ്യുതി ബന്ധം വിച്ഛേദിക്കുക, ഡിസ്റ്റാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടത്തുക, തവണവ്യവസ്ഥ അനുവദിക്കുക, ഒറ്റത്തവണ തീർപ്പാക്കൽ അനുവദിക്കുക തുടങ്ങിയ നടപടിക്രമങ്ങളാണ് സ്വീകരിക്കുന്നത്. സ്വകാര്യ ആശുപത്രികളുടെ കടിശ്ശിക പിരിച്ചെടുക്കുവാൻ ടി നടപടികൾ തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly